പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1221 — 7.06.2018-ൽ മറുപടിക്ക്

## കെ.എസ്.ടി.പി. റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.എൽദോ എബ്രഹാം<br>,, വി.ആർ. സുനിൽ കുമാർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ടി.പി. റോഡ് വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന റോഡുകളുടെ പുനരുദ്ധാരണം വിഭാവനം ചെയ്തിരുന്നു. |

| | |
| --- | --- |
| 1 | കാസർഗോഡ്- കാഞ്ഞങ്ങാട് റോഡ് - 27.78 കി.മീ |
| 2 | പിലാത്തറ- പാപ്പിനിശ്ശേരി റോഡ് - 20.90 കി.മീ |
| 3A | തലശ്ശേരി- കളറോഡ് റോഡ് - 30.00 കി.മീ |
| 3B | കളറോഡ്- വളവുപാറ റോഡ് - 24 കി.മീ |
| 4 | ചെങ്ങന്നൂർ - മൂവാറ്റുപുഴ റോഡ് - 47.70 കി.മീ |
| 4A | തിരുവല്ല ബൈപ്പാസ് - 2.3 കി.മീ |
| 5 | ഏറ്റുമാനൂർ- മൂവാറ്റുപുഴ റോഡ് - 40.96 കി.മീ |
| 6 | പൊൻകുന്നം - തൊടുപുഴ റോഡ്- 50 കി.മീ |
| 7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ — 39.37 കി.മീ |
| 8 | പുനലൂർ- പൊൻകുന്നം (82 കി.മീ) (എൻജിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) |

ഇതിൽ 1, 2, 3A, 3B എന്നീ ക്രമത്തിലുള്ള പണികൾ നടന്നുവരുന്നു. 1,2 കരാർ പാക്കേജുകൾ ഏതാണ്ട് 93 ശതമാനവും 3A, 3B എന്നിവ യഥാക്രമം 50 ശതമാനവും 60 ശതമാനവും പണികൾ തീർന്നിട്ടുണ്ട്. 4,5,6,7 എന്നീ നാല് കരാർ പാക്കേജുകളും പണി പൂർത്തീകരിച്ചു. തിരുവല്ല ബൈപ്പാസിന്റെ മുൻ കരാർ റദ്ദു ചെയ്തു . പുനർ ദർഘാസ് ക്ഷണിക്കാൻ ആരംഭിക്കുന്നു.

ഇതുകൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന റോഡു സുരക്ഷാ മാനേജ്മെന്റിന്റെ ഭാഗമായ കേരളാ റോഡു സുരക്ഷാ അതോറിറ്റിയുടെ ശാക്തീകരണം, നൈപുണ്യ വികസനം എന്നിവയും കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ മാതൃകാ സുരക്ഷാപാതയായി മാറ്റുന്ന നടപടികളും പുരോഗമിക്കുന്നു. കൂടാതെ ജില്ലാ തലത്തിൽ റോഡുസുരക്ഷാ കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന "ചലഞ്ച് ഫണ്ട് പ്രോഗ്രാമിന്റെ" ആദ്യഘട്ടമായി കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ട പ്രാദേശിക സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി). കെ.എസ്.ടി.പി. പദ്ധതിയുടെ സമയപരിധി നീട്ടുന്നതിന് കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിലെ കേന്ദ്ര നിലപാട് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ടി.പി-യുടെ രണ്ടാം ഘട്ട പദ്ധതിയുടെ ലോൺ പുനർഘടനയ്ക്കായി കേരള സർക്കാരിന്റെ നിർദ്ദേശം കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് മുഖാന്തിരം ലോകബാങ്കിനെ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് ലോകബാങ്കിന്റെ പരിഗണനയിലാണ്.

(സി) പുനലൂർ-പൊൻകുന്നം റോഡ് വികസന പദ്ധതി ഏത് മാതൃകയിൽ നടത്തുന്നതിനാണ് തീരുമാനിച്ചതെന്നും ആയത് ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(സി) പുനലൂർ-പൊൻകുന്നം റോഡ് എൻജിനിയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) മാതൃകയിൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ദർഘാസുകൾ ലോകബാങ്ക് അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ